# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 09 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### മകരസംക്രമപൂജ 14ന് രാവിലെ 7.40ന്: തന്ത്രി

ശബരിമലയിൽ ഈ മാസം 14ന് ധനു മകരത്തിലേക്ക് സംക്രമിക്കുന്ന ശുഭമുഹൂർത്തമായ രാവിലെ 7.40ന് മകരസംക്രമപൂജ നടക്കുമെന്ന് തന്ത്രി കണ്ഠരര് രാജീവര് പറഞ്ഞു. തിരുവിതാംകൂർ രാജകൊട്ടാരത്ത് നിന്ന് കൊണ്ടുവരുന്ന നെയ്തേങ്ങ പൂജാ മധ്യേ ഭഗവാന് അഭിഷേകം നടത്തും. 14ന് മകരവിളക്ക്. വൈകുന്നേരം പന്തളംകൊട്ടാരത്തിൽ നിന്ന് കൊണ്ടുവരുന്ന തിരുവാഭരണം അയ്യപ്പവിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തും. 12ന് ദീപാരാധനയ്ക്കുശേഷം പ്രാസാദശുദ്ധിക്രിയയും 13ന് ഉച്ചപൂജയ്ക്ക്ശേഷം ബിംബശുദ്ധിക്രിയയും നടത്തുമെന്ന് തന്ത്രി പറഞ്ഞു. 16,17,18,19തീയതികളിൽ ദീപാരാധനയ്ക്ക് ശേഷം പടിപൂജയുണ്ടാകും. ഇതിൽ രണ്ടു ദിവസം ഉദയാസ്തമനപൂജയും നടത്തും. 18ന് ഉച്ചപൂജയ്ക്ക് തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കളഭാഭിഷേകം. 19ന് അത്താഴപൂജയ്ക്ക് ശേഷം മാളികപുറത്ത് ഗുരുതിയുണ്ടാകും. 20ന് പന്തളം രാജപ്രതിനിധിയ്ക്ക് മാത്രമാണ് ദർശനം നടത്താൻ അനുവാദമുള്ളത്. 20ന് രാവിലെ നട അടയ്ക്കും.

### ഗവർണർ നിർമ്മാല്യം തൊഴുതു മടങ്ങി

ശബരീശന്റെ സന്നിധിയിൽ കേരള ഗവർണർ ജസ്റ്റിസ് പി.സദാശിവം നിർമ്മാല്യ പൂജ തൊഴുതു. ഞായറാഴ്ച രാത്രി പമ്പയിൽ നിന്ന് കാൽനടയായി സന്നിധാനത്തെത്തിയ അദ്ദേഹം ഹരിവരാസനം തൊഴുതു മേൽശാന്തി ടി.എം. ഉണ്ണിക്യ്ഷണൻ നമ്പൂതിരിയിൽ നിന്ന് പ്രസാദം സ്വീകരിച്ചു. രാവിലെ നിർമ്മാല്യ ദർശനത്തിന് ശേഷം ഗണപതിഹോമം കഴിഞ്ഞ് തന്ത്രി കണ്ഠരര രാജീവരിൽ നിന്ന് പ്രസാദം സ്വീകരിച ശേഷമാണ് മലയിറങ്ങിയത്. തിരുവതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ദേവസ്വം കമ്മീഷണർ സി പി രാമരാജ പ്രേമ പ്രസാദ് , എക്സിക്യൂട്ടീവ് ഓഫീസർ ആർ രവിശങ്കർ, സ്പെഷ്യൽ പോലീസ് ഓഫീസർ എസ്.സുരേന്ദ്രൻ തുടങ്ങിയവർ സന്നിധാനത്ത് അദ്ദേഹത്തെ സ്വീകരിച്ചു.

# കൈയിൽ കുറിപ്പ് നൽകാം
# കുട്ടികളെയും മുതിർന്നവരെയും കൈവിട്ടുപോകരുത്

മകരവിളക്കിനോടനുബന്ധിച്ച് തിരക്ക് കൂടി വരുന്നതിനാൽ കുട്ടികളെയും പ്രായമായവരെയും കൂട്ടി വരുന്ന അയ്യപ്പഭക്തൻമാർ പ്രത്യേക ശ്രദ്ധിക്കണമെന്ന് ശബരിമല സുരക്ഷാ സേന മുന്നറിയിപ്പ് നൽകുന്നു. കൂട്ടം തെറ്റി പോകാൻ സാധ്യതയുള്ളതിനാൽ ഇവർക്ക് കൃത്യമായ വിലാസവും ഫോൺ നമ്പറും എഴുതിയ കുറിപ്പ് കൈയ്യിൽ നൽകുന്നത് ഉചിതമാകും. നിലവിൽ സന്നിധാനത്തെ തിരക്കിനിടയിൽപ്പെട്ട് കുട്ടികളെ കാണാതാകുന്ന സംഭവങ്ങൾ ആവർത്തിക്കുകയാണ്. പിന്നീട് അനൗൺസ്മെന്റ് കൗണ്ടറിലെത്തി ബന്ധുക്കൾ വിളിച്ചു പറഞ്ഞ് ഏറെ നേരം കാത്തിരിക്കേണ്ടിയും വരുന്നു.

പ്രധാനമായും കുട്ടികളുടെ കാര്യത്തിലാണ് അയ്യപ്പഭക്തൻമാർ ജാഗ്രത പുലർത്തേണ്ടത്. അന്യദേശത്ത് നിന്നും വരുന്ന തീർത്ഥാടകർക്കിടയിൽ നിന്നാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ കൂടുതലായുള്ളത്. രാത്രികാലങ്ങളിൽ ഒറ്റപ്പെടുന്ന കുട്ടികളെയും മുതിർന്നവരെയും നിലവിൽ അനൗൺസ്മെന്റ് കൗണ്ടറിന് സമീപമുള്ള ഹാളിൽ ബന്ധുക്കൾ എത്തുന്നതുവരെ സംരക്ഷിക്കുകയാണ് പതിവ്. നേരം പുലരുന്നതോടെ അനൗൺസ്മെന്റ് നടത്തി ഇവരുടെ ബന്ധുക്കളെ വിവരം അറിയിക്കുന്നു. താത്ക്കാലിക നടപടിയാണിത്. തിരക്കേറിവരുന്ന സാഹചര്യത്തിൽ കുട്ടികളുമായി വരുന്ന അയ്യപ്പഭക്തർ പ്രത്യേക ശ്രദ്ധപതിപ്പിക്കണം.

തിരക്കേറുന്ന പമ്പയിലും സന്നിധാനത്തും ഇതേ പോലെ മുൻകരുതലുകൾ സ്വീകരിക്കണം. തിരക്കിനിടയിൽ കാണാതാകുന്നവരെ കണ്ടെത്തുന്നതിന് സന്നിധാനത്തെ പ്രധാന നടപ്പന്തിലിലാണ് അനൗൺസ്മെന്റ് കൗണ്ടർ സജ്ജീകരിച്ചിരിക്കുന്നത്. അതിരാവിലെ മുതൽ രാത്രി പതിനൊന്നുവരെ ഈ സേവനം ഭക്തജനങ്ങൾക്ക് പ്രയോജനപ്പെടുത്താം. പമ്പയിലും ഈ സൗകര്യം ലഭ്യമാണ്.

## മദ്യം കൈവശംവച്ചതിന് അറസ്റ്റ്ചെയ്തു

ശബരിമലയിൽ എക്സെസ്സ് വകുപ്പ് നടത്തിയ പരിശോധനയിൽ മദ്യം പിടിച്ചെടുത്തു.ഞായറാഴ്ച പമ്പയിൽ നടത്തിയ പരിശോധനയിൽ മദ്യം വില്പനയ്ക്കായി സൂക്ഷിച്ച ഹരിപ്പാട് കോതേരിയിൽ കെ.സന്തോഷ്കുമാർ (42) എന്നയാളെ അറസ്റ്റ് ചെയ്ത് ചിറ്റാർ എക്സൈസ് റേഞ്ച് ഓഫീസിൽ ഏൽപ്പിച്ചതായി അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ എം.എസ്.വിജയൻ അറിയിച്ചു. ഞായറാഴ്ച മാത്രം 133 പുകവലി കേസുകളിലായി 26,600 രൂപ പിഴ ഈടാക്കി, 12 കിലോ പുകയില ഉത്പന്നങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. വാഹന പരിശോധനയും കൂടുതൽ കർശനമാക്കിയിട്ടുണ്ട്. മകരവിളക്ക് കാലത്ത് പുകയില, കഞ്ചാവ്, മയക്കുമരുന്നുകൾ എന്നിവയുടെ കടത്ത്, വിതരണം എന്നിവ തടയുന്നതിനായി വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു വരികയാണെന്നും അദ്ദേഹം പറഞ്ഞു. മദ്യം പുകയില, കഞ്ചാവ് എന്നീ നിരോധിത ഉത്പന്നങ്ങളുടെ കൈവശംവയ്ക്കലും, വിപണനവും സംബന്ധിച്ച വിവരങ്ങൾ 04735203332 എന്ന ഫോൺ നമ്പരിൽ അറിയിക്കാവുന്നതാണ്.

## മരക്കൂട്ടത്ത് പോലീസ് മെസ്സും താമസ സൗകര്യവും ആരംഭിച്ചു

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി സുരക്ഷയ്ക്കായി ചുമതയേറ്റ പോലീസുകാർക്ക് നിലവിലുള്ള മെസ്സിനുപുറമേ മരക്കൂട്ടത്ത് മെസ്സും താത്കാലിക താമസസൗകര്യവും ഏർപ്പെടുത്തി. മരക്കൂട്ടത്തും പരിസരങ്ങളിലും ഡ്യൂട്ടിയിലുള്ള പോലീസുകാർക്ക് സന്നിധാനത്തെ മെസിലെത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാണ് ഇരുന്നൂറോളം പോലീസുകാർക്ക് ഇന്നുമുതൽ(ജനുവരി9) പുതിയ മെസ് ആരംഭിച്ചതെന്ന് സ്പെഷ്യൽ പോലീസ് ഓഫീസർ എസ് സുരേന്ദ്രൻ പറഞ്ഞു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 09 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### ശബരിമലയിൽ പുതിയ പോലീസ് സംഘം ചുമതലയേറ്റു

ശബരിമലയിൽ മകരവിളക്കിനോടനുബന്ധിച്ച് സുരക്ഷശക്തമാക്കി. 500ഓളം പോലീസുകാരെ അധികമായി വിന്യസിച്ചു. 20 ഡിവൈഎസ്പിമാർ, 36 പോലീസ് ഇൻസ്പെക്ടർ,135 എസ് ഐ, 2000 പോലീസുകാർ എന്നിവരുൾപ്പെടുന്ന ടീമാണ് പുതുതായി ചുമതലയേറ്റത്. വലിയ നടപന്തലിൽ നടന്ന ചടങ്ങ് സ്പെഷ്യൽ പോലീസ് ഓഫീസർ എസ് സുരേന്ദ്രൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ശബരിമലയിൽ ദർശനത്തിനെത്തുന്ന ഭക്തരുടെ പൂർണ സുരക്ഷ ഉറപ്പവരുത്തുകയും സുഖ ദർശനത്തിന് സാഹചര്യമൊരുക്കുകയുമാണ് പ്രധാന കടമയെന്ന് അദ്ദേഹം പറഞ്ഞു. 16 സെക്ടറായി തിരിച്ച് ഒരോ ഡിവൈഎസ്പിയുടെ മേൽനോട്ടത്തിലാണ് സുരക്ഷ ക്രമീകരിച്ചിരിക്കുന്നത്. ഇത് ആദ്യമായാണ് ഇത്രയേറെ പോലീസുകാരെ ശബരിമലയിൽ സുരക്ഷക്കായി വിന്യസിക്കുന്നത്.

### മകരവിളക്ക്: സുരക്ഷയ്ക്കായി സന്നിധാനത്ത് സ്പെഷ്യൽ കൺട്രോൾറൂം

മകരവിളക്ക് മഹോത്സവത്തിന്റെ സുരക്ഷയ്ക്കായി സന്നിധാനത്ത് ഇതാദ്യമായി സ്പെഷ്യൽ കൺട്രോൾറൂം പ്രവർത്തനം തുടങ്ങി. സന്നിധാനം പോലീസ്റ്റേഷന് സമീപം മുകൾനിലയിലാണ് കൺട്രോൾ റൂം പ്രവർത്തിക്കുക. അടിയന്തിരസാഹചര്യങ്ങളിൽ നിയന്ത്രണം ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് ഒരു ഡി വൈ എസ്പിയുടെ നേതൃത്വത്തിൽ പോലീസ് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, പോലീസുകാർ ഉൾപ്പെടുന്ന സംഘമുണ്ടാകും. വാർത്താവിനിമയസംവിധാനങ്ങൾ, അടിയന്തിര സാഹചര്യങ്ങളിൽ അവശ്യം വേണ്ടുന്ന ഉപകരണങ്ങൾ എന്നിവയും കൺട്രോൾറൂമിൽ ഒരുക്കിയിട്ടുണ്ടാകും.

പോലീസുകാരുൾപ്പടെ സന്നിധാനത്ത് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 3000 സേനാംഗങ്ങളെ വിന്യസിച്ചിട്ടുണ്ടെന്ന് സ്പെഷ്യൽ പോലീസ് ഓഫീസർ എസ് സുരേന്ദ്രൻ പറഞ്ഞു. അടിയന്തിരസാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന പോലീസ് എയ്ഡ് പോസ്റ്റും ഉണ്ടാകും.ഏതു സമയത്തും പ്രവർത്തിക്കാൻ സന്നദ്ധരായി 75 പൊലീസുകാർ സംഘത്തിലുണ്ടാകും. ഇതിനു പുറമേ എസ് ഒ യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 100 പോലീസുകാരുണ്ടാകും. വിശദമായി പരിശോധിച്ച് ആവശ്യമെങ്കിൽ കൂടുതൽ സംവിധാനമൊരുക്കും. എസ് ഐയും 30 പോലീസുകാരും ഉൾപ്പടെ 31 പേർ ഉൾപ്പെടുന്ന ക്വിക്ക് റെസ്പോൺസ് ടീമും രംഗത്തുണ്ടാകും.

കേരളപോലീസിന് പുറമേ കമാണ്ടോസ്, ദ്രുതകർമസേന, ദേശീയ ദുരന്തനിവാരണസേന, കർണ്ണാടക പോലീസ്, ആന്ധ്രാ പോലീസും എന്നിവരും രംഗത്തുണ്ട്. മൂന്ന് ഡിവൈഎസ്പിമാർ 165

പേരാണ് ദ്രുതകർമ്മസേനയിലുൾപ്പെടുന്നത്. രണ്ട് സിഐമാരുൾപ്പെടുന്ന 45 കമാണ്ടോ സംഘത്തിന്റെ സൂക്ഷ്മ നിരീക്ഷണത്തിലാണ് പതിനെട്ടാംപടിയും സന്നിധാനവും. 40 കർണ്ണാടക പോലീസും ഒരു ഡി വൈ എസ് പി ഉൾപ്പടെ 35 അംഗങ്ങളഉൾപ്പെട്ട ആന്ധ്രാ പോലീസും സന്നിധാനത്ത് സേവനനിരത രായി രംഗത്തുണ്ട്.

ദേശീയ ദുരന്തനിവാരണസേനയിലെ ഒരു ഡിവൈഎസ്പിയും 69 സേനാംഗങ്ങളും ഇവിടെ കർമ്മനിരതരാണ്. സന്നിധാനത്ത് വിർച്വൽ ക്യൂ നിയന്ത്രണത്തിന് 50 സേനാംഗങ്ങളാണുള്ളത്. ബോംബ് പരിശോധനസ്ക്വാഡിൽ 115 പോലീസുകാരുണ്ട്. വടക്കേ നടയിൽ നിന്നുള്ള ബാരിക്കേഡ് നിർമ്മാണം ഈമാസം 10നകം പൂർത്തീകരിക്കും. ഏത് സാഹചര്യവും നേരിടാൻ പര്യാപ്തരായ അനുഭവസമ്പത്തുള്ളവരെയാണ് മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ളതെന്ന് സ്പെഷ്യൽ പോലീസ് ഓഫീസർ എസ് സുരേന്ദ്രൻ പറഞ്ഞു.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 09 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2017@gmail.com

Facebook Page: Sabarimalamediacentreiprdgok


## പുതുച്ചേരി മുഖ്യമന്ത്രി ദർശനം നടത്തി

പുതുച്ചേരി മുഖ്യമന്ത്രി വി.നാരായണ സ്വാമി ശബരിമലയിൽ ദർശനം നടത്തി. ഉച്ചപൂജ തൊഴുത് തന്ത്രി കണ്ഠരര് രാജീവരിൽ നിന്ന് പ്രസാദം ഏറ്റുവാങ്ങി. ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ആർ.രവിശങ്കർ,പൊലീസ് സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ എന്നിവർ അദ്ദേഹത്തെ സ്വീകരിച്ചു.ദർശനത്തിന് ശേഷം പമ്പാ സംഗമത്തിൽ പങ്കെടുക്കുന്നതിനായി മലയിറങ്ങി.

## കാലത്തിന്റെ നിയോഗം
## മണിസ്വാമി അറുപതാം തവണയും സന്നിധിയിൽ

കാലത്തെയും പ്രായത്തെയും തോൽപ്പിച്ച് അറുപതാമത്തെ വർഷവും മണിസ്വാമി അയ്യനെ തൊഴാൻ ശബരിമലയിലെത്തി.തൃശ്ശൂരിലെ കൊക്കാല വറോട്ടിയിൽ നിന്നും 1957 ൽ തുടങ്ങിയ ഈ യാത്ര ഇപ്പോഴും മുടങ്ങിയിട്ടില്ല. എൺപത് വയസ്സ് പിന്നിട്ടെങ്കിലും ഇതിന്റെ അവശകതകളെല്ലാം പമ്പകടത്തി നീലിമല കയറിയാണ് ഇത്തവണയും ഇരുമുടിക്കെട്ടുമായി ഈ ഗുരുസ്വാമിയുടെ യാത്ര.

നാൽപ്പത് വർഷത്തിലധികം കാനനപാതയിലൂടെയായിരുന്നു ശബരീശ സന്നിധിയിൽ എത്തിയത്. കിലോമീറ്ററുകളോളം നടന്ന് അഴുതയിലും മറ്റും വിശ്രമിച്ചും ക്ഷീണമകറ്റാൻ കഞ്ഞിവെച്ച് കുടിച്ചും വന്നെതെല്ലാം മനസ്സിൽ മായാതെ നിൽക്കുന്നു.അക്കാലത്ത് വഴിയലുടനീളം വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. കാട്ടാനയും ചെന്നായ്ക്കളുമെല്ലാം വിഹരിക്കുന്ന കാടിന്റെ നടുവിലൂടെയായിരുന്നു ഈ യാത്രകളെല്ലാം. ആയിരക്കണക്കിന് കന്നി സ്വാമികളെയും ഈ വഴികളിലൂടെ തന്നെ സന്നിധാനത്തേക്ക് വഴികാട്ടുകയും ചെയ്തു. ഇതെല്ലാം ശബരീനാഥൻ തന്നിൽ ഏൽപ്പിച്ച നിയോഗമെന്നാണ് മണിസ്വാമി പറയുന്നത്.

കാലം ഏറെ മാറി. പുതിയ നടപ്പാതകൾ വന്നു. മലകയറ്റത്തിൽ വിശ്രമിക്കാനുള്ള ഇടങ്ങളും ധാരാളമായി. വെയിലും മഴയും കൊള്ളാതെ കയറി നിൽക്കാനും സൗകര്യങ്ങ

ളായി. ഇതൊന്നുമില്ലാത്ത പഴയകാലത്തെയും കൂട്ടിവായിക്കുമ്പോൾ മാറുന്ന ശബരിമലയുടെ ചരിത്രം കൂടിയാണ് ഈ പെരിയ സ്വാമിക്ക് പങ്കുവെക്കാനുള്ളത്. നാടിന്റെ തലമുതിർന്ന ഏറ്റവും കൂടുതൽ പതിനെട്ടാം പടികയറിയ  ഗുരുസ്വാമിയായതോടെ മണിസ്വാമിക്കൊപ്പം  ശബരിമലയിലേക്ക് വരാൻ ഒട്ടേറെ പേർ ഇപ്പോഴുമുണ്ട്.

വടക്കുംനാഥൻ, പാറമേക്കാവ്, കൊടശ്ശേരി തുടങ്ങിയ  ക്ഷേത്രങ്ങളിൽ നിന്നെല്ലാം സ്വാമിമാരുടെ  കെട്ടുനിറയ്ക്കാനും ഇപ്പോഴും പോകാറുണ്ട്. ഏറിയ തവണയും മകര വിളക്കിന് സാക്ഷ്യം വഹിച്ചായിരുന്നു ശബരിമലയിൽ നിന്നുമുള്ള മടക്കം. ഇത്തവണ അതിന് നിൽക്കുന്നില്ല. കാലത്ത് നിർമ്മാല്യം തൊഴുത് മടങ്ങണം. അറുപത് വർഷങ്ങളുടെ മകര സംക്രാന്തിയുടെയും സ്വാമി ദർശനത്തിന്റെയും പുണ്യം നിറഞ്ഞ ജീവിതാനുഭവങ്ങളുമായി ഒരിക്കൽ കൂടി വന്നു മടങ്ങുമ്പോൾ മനസ്സിൽ നിറഞ്ഞ സന്തോഷം മാത്രം.

എല്ലാ കാര്യങ്ങൾക്കും കാനനവാസനായ അയ്യപ്പന്റെ അനുഗ്രഹമുണ്ടായി. മക്കളും അവരുടെ മക്കളുമായി ജീവിതം മുന്നോട്ടുപോകുന്നു. എൺപതിന്റെ നിറവിൽ ശബരിമല യാത്രയ്ക്ക് 60 വർഷം പൂർത്തിയാകുന്നതോടനുബന്ധിച്ച് തൃശ്ശൂരിലെ കൂർക്കഞ്ചേരി മഹേശ്വര ക്ഷേത്രത്തിൽ ജനവരി ഏഴിന് ബന്ധുക്കൾക്കും അടുത്തുള്ള സുഹൃത്തുക്കൾക്കുമെല്ലാം വിരുന്ന് സൽക്കാരം നൽകിയാണ് മണി സ്വാമി ഇത്തവണ മലയിലേക്ക് പുറപ്പെട്ടത്. ശബരിമലയിൽ അയ്യപ്പ ദർശനത്തിനുശേഷം ഇവിടെയുള്ള പഴയകാല സുഹൃത്തുകളെയെല്ലാം കണ്ട് വിശേഷങ്ങൾ പങ്കിട്ടും യാത്ര ചോദിച്ചുമായിരുന്നു മണി സ്വാമിയുടെ സന്നിധാനത്തിൽ നിന്നുമുള്ള മടക്കം.

..............................................................................

(അറുപതാം തവണയും അയ്യപ്പ സന്നിധിയിലെത്തിയ തൃശ്ശൂർ കൊക്കാല സ്വദേശിയായ മണിസ്വാമി)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 09 | 2017 |
|---|---|

## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

## ശബരിമല വികസനത്തിന് കൂടുതൽ വനഭൂമി ലഭ്യമാക്കാൻ മുൻകൈയെടുക്കണം : പുതുച്ചേരി മുഖ്യമന്ത്രി

ശബരിമലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ വനഭൂമി ലഭ്യമാക്കാൻ മുൻകൈയെടുക്കുമെന്നും ഈ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും പുതുച്ചേരി മുഖ്യമന്ത്രി വി.നാരായണസ്വാമി പറഞ്ഞു. പമ്പ രാമമൂർത്തി മണ്ഡപത്തിൽ നടന്ന പമ്പാ സംഗമത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശരാശരി ഒന്നര ലക്ഷത്തിലധികം ഭക്തർ പ്രതിദിനം ശബരിമലയിലെത്തുന്നതായാണ് കണക്ക്. എന്നാൽ എല്ലാവരെയും ഉൾക്കൊള്ളാനുള്ള സ്ഥലം ശബരിമലയിലില്ല. കൂടുതൽ ഭൂമി ലഭിച്ചാൽ മാത്രമേ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാനാവൂ.

ശബരിമലയെ ദേശീയ തീർഥാടന കേന്ദ്രമായി അംഗീകരിക്കണമെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആവശ്യം ന്യായമാണ്. ഈ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കണം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് മാത്രമല്ല വിദേശരാജ്യങ്ങളിലുള്ള ഇന്ത്യക്കാരും ശബരിമലയിൽ ദർശനത്തിനെത്തുന്നു. അന്താരാഷ്ട്ര പ്രശസ്തിയുള്ള ക്ഷേത്രമാണ് ശബരിമല. ശബരിമലയെ സംബന്ധിച്ച് പമ്പ പുണ്യനദിയാണ്. പമ്പയിൽ മുങ്ങിക്കുളിച്ചാൽ പാപം തീരുമെന്നാണ് വിശ്വാസം. അതിനാൽ പമ്പയുടെ പരിശുദ്ധി നിലനിർത്തണമെന്ന് അദ്ദേഹം പറഞ്ഞു.

തമിഴ്നാട് ദേവസ്വം മന്ത്രി സേവൂർ എസ്.രാമചന്ദ്രൻ, തെലുങ്കാന നിയമ വകുപ്പ് മന്ത്രി ഇന്ദിരകരൺ റെഡ്ഡി, കർണാടക എം.എൽ.എയും മുൻ മന്ത്രി

യുമായ പി.എം നരേന്ദ്രസ്വാമി എന്നിവർ മുഖ്യാതിഥികളായിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പത്തനംതിട്ട എഡിഎം അനു എസ്.നായർ, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർമാരായ വി.മുരളീകൃഷ്ണൻ, വി.ശങ്കരൻപോറ്റി, ദേവസ്വം കമ്മീഷണർ സി.പി.രാമരാജ പ്രേമപ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.